രിക്കുന്നു.... ഈ പരിപാടി നടത്താനായി മാസങ്ങളായി ഓടിനടക്കുന്ന അനന്തൻ, നവീൻ വക്കച്ചൻ, ഷിയാസ്, ഷെഫീന എന്നിവരുടെ നേതൃത്വത്തിൽ ഒരു 'ഓർഗനൈസിംഗ് കമ്മിറ്റി' ഉണ്ടായിരുന്നു. അവർ നിരന്തരമായി കഷ്ടപ്പെട്ടതിന്റേയും, ബുദ്ധിമുട്ടിയതിന്റേയും എല്ലാം ഫലമായാണ് ഇന്നീ കാണുന്ന റീയൂണിയൻ..... എല്ലാവരും ക്ലാസ്സിൽ കയറിയിരിക്കുന്ന സമയത്ത് ഒരു സ്പെഷൽ എൻട്രി എന്നോണം ലേശം ലൈറ്റ് ആയി വേദിയിലേക്ക് വരാൻ തയ്യാറെടുത്ത് മാറി നിൽക്കുന്നുണ്ടായിരുന്നു അവർ... അവർ വരുമ്പോൾ കൈ അടിക്കാൻ പ്രത്യേകം ആൾക്കാരെ അവർ ചുമതലപ്പെടുത്തിയിരുന്നു.... വേദിയിൽ ചടങ്ങുകൾ ആരംഭിച്ചു. 'ഇന്നിവിടെ റീയൂണിയൻ സംഘടിപ്പിക്കാൻ മുന്നിട്ടിറങ്ങിയവരെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല' എന്ന് സാം സാർ പറഞ്ഞപ്പോഴേക്കും പ്രജീഷ് വേഗം എഴുന്നേറ്റു "ഇവനിത് എങ്ങോട്ടാ? ഡാ പ്രജീഷേ..." ഞാൻ വിളിച്ചു. അവൻ കേട്ട മട്ടില്ല എന്നിട്ട് നടന്നു വേദിലേക്ക് ചെന്നു.... എന്നിട്ട് പറഞ്ഞു ...'ഈ പരിപാടി വിജയിപ്പിക്കാൻ എന്നെയും ഷെഫീറിനേയും ഹെൽപ്പ് ചെയ്ത അനന്തൻ, നവീൻ വക്കച്ചൻ, ഷിയാസ്, ഷെഫീന എന്നിവർക്ക് നന്ദി പറയുന്നു.... ഞാനും ഷഫീറും ഇല്ലെങ്കിൽ ഈ പരിപാടിയേ നടക്കില്ലായിരുന്നു.... ഞങ്ങളുടെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കിയ ഓർഗനൈസിംഗ് കമ്മിറ്റിക്ക് ഞങ്ങളുടെ സല്യൂട്ട്..... ഇപ്പോൾ കുറച്ച് താളപ്പിഴകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ഇനി ഭാവിയിൽ എല്ലാ കാര്യങ്ങളും കൃത്യതയോടെ ചെയ്യണമെന്ന് പ്രജീഷ് അവിടെ വച്ച് ഓർഗനൈസിംഗ് കമ്മിറ്റിക്ക് സ്പെഷ്യൽ നിർദ്ദേശങ്ങളും നൽകി.....ഇത് കേട്ട് നിന്ന ഓർഗനൈസിംഗ് കമ്മിറ്റി അംഗം ഷെഫീന വെട്ടിയിട്ട വാഴപോലെ ബോധംകെട്ട് വീണു..... മുഴുവൻ ക്രെഡിറ്റും പ്രജീഷും ഞാനും കൊണ്ട് പോയി....പരിപാടി ഏകദേശം തീരാറായി. ഈ സമയം പെൺപിള്ളേരെല്ലാം എനിക്കും പ്രജീഷിനും ചുറ്റും മാത്രം...അവരുടെ ഗൃഹാതുര സ്മരണകളെ ഉണർത്താൻ ഞങ്ങൾ വഹിച്ച ത്യാഗത്തിന് അവരെല്ലാം ഞങ്ങളുടെ കയ്യിൽ പിടിച്ച് നന്ദി പറഞ്ഞു....

ചുരുക്കി പറഞ്ഞാൽ റീയൂണിയൻ ഞങ്ങൾ 'ഹൈജാക്ക്' ചെയ്തു...! റീയൂണിയൻ അടിച്ചു പൊളിച്ച് കഴിഞ്ഞു എല്ലാവരും പോയി...ഒടുവിൽ എന്റെ സ്ഥായീഭാവമായ 'ജീവിതത്തിൽ ഒന്നുമായി തീർന്നില്ലല്ലോ എന്ന സങ്കടം' വീണ്ടും തലപൊക്കി...ഞങ്ങളിലെ സെന്റി പതുക്കെ തലപൊക്കി ഞങ്ങൾ ആലുവ പുഴക്കരികിലേക്ക് പോയി. അവിടെയിരുന്ന് ഞാൻ പറഞ്ഞു...ഞാനൊന്നും ഒരുകാലത്തും ഒന്നുമാവാൻ പോകുന്നില്ല...ആ അനന്തനെയൊക്കെ കണ്ടില്ലേ.... അവൻ പത്താം ക്ലാസിൽ ഒരു പെണ്ണിനെ പ്രേമിച്ചു..... പ്ലസ് ടുവിൽ വേറൊരെണ്ണം.... ഡിഗ്രി വേറൊരെണ്ണം.....അവസാനം കല്യാണം കഴിച്ചത് വേറെ ഒരെണ്ണം..' അതും കാശൊള്ള വീട്ടിലെ പെണ്ണ്....ഇതൊക്കെ കണ്ടു കൊതിക്കാനേ നമുക്കൊക്കെ നിർവാഹമുള്ളൂ....അപ്പോഴാണ് പുറകെ നിന്നും ഒരു വിളി "ഡാ തടിയാ "ഞാൻ തിരിഞ്ഞു നോക്കി കൂട്ടത്തിൽ ഞാനാണല്ലോ തടിയൻ...(പ്രജീഷൊക്കെ അന്ന് വെറും നിപ്പിൾ പോലെ ഇരുന്ന മനുഷ്യനായിരുന്നു. ഇപ്പോഴല്ലേ ആപ്പിൾ പോലെ ആയത്) സ്വാഭാവികമായും ഞാൻ തിരിഞ്ഞു നോക്കി....ഞങ്ങളുടെ കൂടെ കോളേജിൽ പഠിച്ച മി.മൊയ്നു (പേര് യഥാർഥമല്ല) ആയിരുന്നു കക്ഷി.....ആളുകൾ എല്ലാം നോക്കി നിൽക്കേ അവൻ എന്നെ തടിയാ എന്ന് വിളിച്ചിരിക്കുന്നു. ഞങ്ങടെ അടുത്തെത്തിയതും അവൻ പറഞ്ഞു. "ഡാ തടിയാ" സിനിമ ഞാൻ ഇന്നലെ കണ്ടു ടാ സൂപ്പർ പടം. (അവൻ നൈസായി തടിയാ എന്ന് വിളിക്കുകയും ചെയ്തു. ആർക്കും കുറ്റവും ഇല്ല) ഞാൻ ചുളിപ്പോയി...പിന്നെ കുറേ നേരം ഞങ്ങൾ അവിടെ നിന്നു പല കാര്യങ്ങളും സംസാരിച്ചു... പിരിയാൻ നേരം പ്രജീഷ് മി.മൊയ്നു വിനോടായി പറഞ്ഞു. എട മൊയ്നൂ.. എന്താടാ പ്രജീഷേ...ടാ തടിയായുടെ സെക്കൻഡ് പാർട്ട് ഇറങ്ങുന്നുണ്ട്.... പേരെന്തെന്നറിയോ?...മി.മൊയ്നു : ഇല്ല. പ്രജീഷ് : "തടിയൻ നിന്റെ വാപ്പ !

- ഷെഫീർ




**പ്രണയമേ നിനക്കായ്...........**

നൂറായിരുന്നുനീ എന്നന്തരാത്മാവിലെ
കടലിൽ തീർത്ത പ്രണയത്തിലെ
കാണാത്തൊരെൻ കാഴ്ചക്കുമപ്പുറം
കേൾക്കാത്തൊരെൻ കേൾവിക്കുമപ്പുറം
നിൻ പ്രണയത്തിൻ വഴിയിലല്ലാതെ
ഒരു കാലമെന്നിൽ മുളച്ചതില്ല
നിൻ ഹൃദയ തന്ത്രിയിൽ നിന്നല്ലാതെ
ഒരു രാഗമെന്നിൽ പിറന്നതില്ല
മൗനത്തിൻ കാണാ ചിറകിലേറിയെന്റെ
പ്രണയത്തിൻ മുത്തുകൾ കോർത്തു വച്ചു
നിൻ തിരു ശ്വാസത്തിൽ അലിയുന്ന മാത്രയിൽ
എരിയുന്നു ഞാനുമെൻ പ്രണയവും നിന്നിലായ്
കാലവും ദൂരവും അറ്റ നിൻ പ്രണയത്തിൻ
നൂലിനാലെന്നെയും ചേർത്തു വക്ക്
ഇനിയൊരു പൂവായ് വിടരുവാൻ വയ്യ നിൻ
തൃപ്പാദമിൽ വീണസ്തമിച്ചെങ്കിൽ ഞാൻ
പിടരുന്നൊരാത്മാവിൻ നൊമ്പരം കാണുവാൻ
നിൻ മിഴിയല്ലാതെ ഒന്നില്ലീ ഭൂമിയിൽ
സഹനത്തിൽ തോണിയിലൂട്ടിയെൻ പ്രാണനെ
നിൻ കരളിന്റെ ചോട്ടിലൊരഭയവും നൽകിട്
എന്നിൽ നിറഞ്ഞ നിൻ പൂമുഖം കാണുവാൻ
കടലോളം തിരകളുണ്ടെൻ മനസ്സിൽ
അതിനായ് മാത്രമായ് ഈ മൺ കൂടയിൽ
ഇനിയുള്ള കാലം കാത്തിരിക്കാം..............

താഹിറ

## ഒരായിരം കണ്ണീർപ്പൂക്കൾ



**അടരുവാൻ വയ്യനിൻ ഹൃദയത്തിൽ**
**നിന്നേതു സ്വർഗ്ഗം വിളിച്ചാലും**





# OORMMAKKOODU 2021

*- the nest of nostalgia...!!*

**26 December 2021**

പ്രണയം തരംഗിച്ചൊരിടനാഴിയിൽ
കൈവിട്ടുപോയൊരാ
പ്രിയ പുഷ്പമേ....,
കാലം കടന്നൊരി
ഓർമ്മതൻ കടവിലാ
ചിതലിച്ച ചില്ലയിൽ കൂടുകൂട്ടാം...



**ECHOS (Electronics & Computer Hardware Old Students)**
**2003- 06 BSc Electronics Batch**
**MES College Marampally**

